RCS/ 5502/2026 -സി.പി.(3) സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
ജഗതി, തിരുവനന്തപുരം,
തീയതി :25-06-2026

സർക്കുലർ നം. 22/2026

വിഷയം : സഹകരണ വകുപ്പ് – സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ 2025-2026 വർഷം വരെയുള്ള ആഡിറ്റ് – കുടിശ്ശിക വായ്പ, പലിശ എന്നിവയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. സഹകരണ ആഡിറ്റ് മാനുവലിലെ അനുബന്ധം -2 ലെ സംശയാസ്പദവും കിട്ടാക്കടവുമായ മുതലുകളുടെ തരം തിരിവുകൾ.

2. സഹകരണ സംഘം രജിസ്ട്രാറുടെ 10.12.2007 ലെ 40/2007 നമ്പർ സർക്കുലർ.

3. സഹകരണ സംഘം രജിസ്ട്രാറുടെ 24.06.2025 ലെ 20/2025 നമ്പർ സർക്കുലർ.

സഹകരണ സംഘങ്ങളുടെ സംശയാസ്പദവും കിട്ടാക്കടവുമായ വായ്പകളുടെ കുടിശ്ശികയുടെ കാലയളവ്, ജാമ്യത്തിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്ത് ആഡിറ്റിൽ കരുതൽ വയ്ക്കുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചു നൽകിയിരുന്നു. സഹകരണ സംഘങ്ങളുടെ വർദ്ധിച്ചു വരുന്ന കുടിശ്ശികയും സാമ്പത്തിക സ്ഥിതിയും പരിഗണിച്ച്, 2024-2025 സാമ്പത്തിക വർഷത്തിലെ ആഡിറ്റിൽ കുടിശ്ശികയ്ക്ക് കരുതൽ വയ്ക്കുന്നതിനായി സൂചന (2) സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങളിൽ സൂചന (3) പ്രകാരം ഇളവുകൾ നൽകിയിരുന്നു.

സംഘങ്ങളുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് 2025-2026 വരെയുള്ള സാമ്പത്തിക വർഷവും കുടിശ്ശികയ്ക്ക് കരുതൽ വയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവുകൾ നൽകുന്നതി നായി സഹകാരികളും സഹകരണ സംഘം ജീവനക്കാരുടെ സംഘടനകളും അപേക്ഷിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, 2025-2026 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ കുടിശ്ശികയ്ക്ക് കരുതൽ വയ്ക്കുന്നതി ലേക്കായി പരാമർശം (3) സർക്കുലർ വ്യവസ്ഥകൾ ബാധകമാക്കേ ണ്ടതാണ്. സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും, എല്ലാത്തരം വായ്പകൾക്കും ടി വ്യവസ്ഥകൾ ബാധകമാക്കി കൊണ്ട് 2025-26 വർഷത്തെ ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്. ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥർ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

PREM KRISHNAN .S .IAS

REGISTRAR OF CO-OPERATIVE SOCIETIES

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) /ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
4. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5. എഡിറ്റർ, സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്).
6. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
7. വെബ് സൈറ്റ്.
8. സ്റ്റോക്ക് ഫയൽ.

//നിർദേശാനുസരണം//

Digitally signed by
Reshma G Nair
Date: 25-06-2026
17:21:21

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)